II.ഇ.ബി. XIII-കേരള നിയമസഭ/I-11

**പതിമൂന്നാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2011 ജൂലൈ 19, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**33(*301)** കേസന്വേഷണം കാര്യക്ഷമമാക്കാൻ നടപടി

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, കേസന്വേഷണങ്ങൾ കാര്യക്ഷമതയോടെയും വേഗത്തിലും നടത്തുന്നതിനായി ക്രമസമാധാന പോലീസ് വിഭാഗത്തിൽനിന്നും അന്വേഷണ വിഭാഗത്തെ വേർപെടുത്തുന്നതിന്റെ പ്രാരംഭ നടപടി എന്ന നിലയ്ക്ക് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റി പോലീസ് ജില്ലകളിൽ ഇരുവിഭാഗവും വേർതിരിച്ച് പ്രവർത്തനം നടത്തിവരുന്നുണ്ടെന്നും അടുത്ത ഘട്ടമായി കൊല്ലം, തൃശ്ശൂർ ജില്ലകളിൽക്കൂടി ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പോലീസ് സേനയുടെ ഭരണപരമായ സൗകര്യത്തിനും സുഗമവും കാര്യക്ഷമവുമായ നടത്തിപ്പിനും വേണ്ടി സ്ഥലം മാറ്റം നടത്തുമ്പോൾ അതിൽ ഉൾപ്പെടുന്ന അന്വേഷണ ഉദ്യോഗസ്ഥരെ കേസിന്റെ സ്വഭാവം കണക്കിലെടുത്ത് തൽസ്ഥാനത്ത് തുടരാൻ അനുവദിക്കുന്നുണ്ട്. കോടതി ഡ്യൂട്ടിക്കും ട്രയൽ പ്രോസ്സസ്സിനും എ.എസ്.ഐ.മാരെ നിയോഗിക്കാനും പ്രധാനപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ്

ഓഫീസർമാരായി സി.ഐ.- മാരെ നിയോഗിക്കാനും ഉദ്ദേശിക്കുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളും പോലീസ് സേനയിലെ കുറ്റവാസനകളും തടയാൻ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. മാപ്രാണം ദേവാലയ ത്തിൽ നടന്ന തിരുശേഷിപ്പ് മോഷണ കേസുമായി ബന്ധപ്പെട്ട് പുതിയ അന്വേഷണ സംഘത്തെ നിയോഗിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ജനമൈത്രി, സ്റ്റുഡന്റ് പോലീസ് സംവിധാനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാണെന്നും പറവൂർ പെൺവാണിഭക്കേസിലുൾപ്പെട്ട പെൺകുട്ടിയുടെ സുരക്ഷയ്ക്കും പുനരധിവാസത്തിനുമാവശ്യമായ വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കാൻ എറണാകുളം ജില്ലാ കളക്ടറേയും റേഞ്ച് ഐ.ജി.യേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

**34(*302)** <u>ഹൗസിംഗ് ബോർഡിന്റെ പ്രവർത്തന പുരോഗതി</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഇന്നേവരെ വായ്പാ പദ്ധതികൾ വഴി 678951 വീടുകളും വിവിധ ഭവന നിർമ്മാണ പദ്ധതികൾവഴി 27681 വീടുകളും ഉൾപ്പെടെ ആകെ 706632 വീടുകൾ സംസ്ഥാനത്ത് നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2006–2011 കാലഘട്ടത്തിൽ എം.എൻ, സുരക്ഷ, ഇന്നൊവേറ്റീവ് ഹൗസിംഗ് സ്കീം എന്നിവ പ്രകാരം ആകെ 2932 വീടുകൾ മാത്രമാണ് ബോർഡ് നേരിട്ട് നിർമ്മിച്ചുനൽകിയത്. ഭവനനിർമ്മാണ ബോർഡിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ലാഭത്തിലല്ല മുന്നോട്ടുപോകുന്നതെന്നും 31-03-2011-ലെ കണക്കുപ്രകാരം 510.04 കോടി രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും വെളിവായിട്ടുണ്ട്. ഭവന

നിർമ്മാണ ബോർഡ് പ്രവർത്തന മൂലധനമായി ഹഡ്കോ/ബാങ്കുകൾ തുടങ്ങിയ ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയെ മാത്രം ആശ്രയിച്ചാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. കാലാകാലങ്ങളിൽ ധനകാര്യ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പലിശ വർദ്ധനവ് ബോർഡിന്റെ സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു പുറമെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി സംസ്ഥാന സർക്കാരും ഭവന നിർമ്മാണ ബോർഡും ഊന്നൽ നൽകി നടപ്പിലാക്കുന്ന സമൂഹത്തിലെ ദുർബ്ബല വരുമാനക്കാർക്കുള്ള പദ്ധതികൾ മൂലമുള്ള ബാദ്ധ്യതയും ബോർഡിന്റെ ധനസ്ഥിതി ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്. മൈത്രി ഭവന പദ്ധതി പ്രകാരം എടുത്ത വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച സംഭവിച്ചതിനെത്തുടർന്ന് ബോർഡിന് നൽകിയിരുന്ന വിവിധ വായ്പകൾ 2001 മുതൽ നിറുത്തിവച്ച സാഹചര്യത്തിൽ സർക്കാർ പദ്ധതികളും വിവിധ വകുപ്പുകളുടെ കോൺട്രാക്ട് പദ്ധതികൾ/കൺസൾട്ടൻസി എന്നിവ മാത്രമേ നടപ്പിലാക്കാൻ കഴിഞ്ഞുള്ളൂ. ബോർഡ് റിവൈവ് ചെയ്യുന്നതിന്റെ ഭാഗമായി ഹഡ്കോയുമായുണ്ടാക്കിയ ഡിഫോൾട്ട് റെസല്യൂഷൻ പാക്കേജിലെ വ്യവസ്ഥകളനുസരിച്ച് 2001-06 കാലഘട്ടത്തിൽ 847.89 കോടി രൂപ ഹഡ്കോയ്ക്ക് തിരിച്ചടച്ചു. എന്നാൽ 2007-2009 കാലഘട്ടത്തിൽ മൈത്രി സബ്സിഡി ഇനത്തിൽ സർക്കാർ തുകയൊന്നും നൽകാതിരുന്നതിനെത്തുടർന്ന് തിരിച്ചടവുമായി ബന്ധപ്പെട്ട് വീണ്ടും പ്രതിസന്ധിയിലായ ബോർഡ് ആവിഷ്കരിച്ച പുനരുദ്ധാരണ പാക്കേജ് പ്രകാരമുള്ള 439.77 കോടി രൂപ ഉൾപ്പെടെ 2006-11 കാലഘട്ടത്തിൽ ആകെ 582.55 കോടി രൂപ തിരിച്ചടച്ചിട്ടുണ്ട്. എന്നാൽ പാക്കേജിലെ വ്യവസ്ഥകൾ പ്രകാരം പലിശയും ഇനി അടച്ചുതീർക്കേണ്ട 730.67 കോടി രൂപയുടെയും ബാധ്യത സർക്കാരിൽ നിക്ഷിപ്തമായിരിക്കുകയാണ്. ധനകാര്യസ്ഥാപനങ്ങൾ നിർണ്ണയിക്കുന്ന

പലിശ നിരക്കുകളെ അടിസ്ഥാനമാക്കിയാണ് ബോർഡ് ഗുണഭോക്താക്കൾക്ക് മാസത്തവണ നിർണ്ണയിച്ചു നൽകുന്നത്. തിരിച്ചടവിൽ കൃത്യത പാലിക്കാൻ കഴിയാതെവരുന്ന സാഹചര്യത്തിൽ ബാധ്യത ഏറുമെന്നതൊഴിച്ചാൽ ഗുണ ഭോക്താക്കളിൽ അധിക ബാധ്യത ചുമത്താറില്ല. റവന്യു റിക്കവറി, വൺടൈം സെറ്റിൽമെന്റ്, വായ്പകൾ എഴുതിത്തള്ളൽ എന്നിവയുടെ ഭാഗമായി ഹൗസിംഗ് ബോർഡ് നേരിടുന്ന പ്രതിസന്ധി അതിജീവിക്കാനായി ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ രൂപീകരിക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പബ്ലിക്/പ്രൈവറ്റ് പാർട്ടിസിപ്പേഷനോടെ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിനെക്കുറിച്ചും മൈത്രി ഭവന നിർമ്മാണ പദ്ധതി പ്രകാരം പഞ്ചായത്തുകളിൽനിന്നും ഹൗസിംഗ് ബോർഡ് വാങ്ങിയ തുക തിരികെ കൊടുക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്. വിൽപ്പനയ്ക്കായി ഹൗസിംഗ് ബോർഡ് നിർമ്മിച്ച ഫ്ളാറ്റുകളിൽ ബാലരാമപുരം, പെരുമ്പാവൂർ, അകത്തേത്തറ എന്നിവിടങ്ങളിലായി 129 ഫ്ളാറ്റുകൾ ഏറ്റെടുക്കാൻ ആളില്ലാതെ കിടപ്പുണ്ടെന്നും വായ്പ തിരിച്ചടച്ചവർക്ക് ആധാരം തിരികെ കൊടുക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

**35(*303) <u>കരിമ്പട്ടികയിൽപ്പെടുത്തിയ എൻ.ജി.ഒ.കൾ</u>**

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, തിരുവനന്തപുരം റൂറൽ ജില്ലയിൽ ഉദ്ദേശം 8 കോടി 79 ലക്ഷം രൂപയുടേയും ഇടുക്കി ജില്ലയിൽ 6 കോടി 59 ലക്ഷം രൂപയുടേയും സാമ്പത്തിക ഇടപാടുകൾ എൻ.ജി.ഒ.-കളിലൂടെ നടക്കുന്നതായി അന്വേഷണത്തിൽ വെളിവായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സംസ്ഥാനത്ത് എൻ.ജി.ഒ.കളെ കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുള്ള വിവരം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എൻ.ജി.ഒ.കളുടെ പ്രവർത്തനം സുതാര്യമായി മുന്നോട്ടുകൊണ്ടുപോകുന്നതിലും തെറ്റായ രീതിയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളെ നിയന്ത്രിക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. തീവ്രവാദ സ്വഭാവമുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സംഘടനകളെ നിരീക്ഷിച്ച് അവരുടെ പ്രവർത്തനങ്ങൾ തടസ്സപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. എൻ.ജി.ഒ-കൾക്ക് ടാക്സ് എക്സംപ്ഷനുവേണ്ടി സമർപ്പിക്കുന്ന ശുപാർശകളിൽ വ്യക്തമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതും മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന എൻ.ജി.ഒ.കളെ പ്രോൽസാഹിപ്പിക്കുന്നതുമാണ്. ഏഥൻസിൽ നടന്ന സ്പെഷ്യൽ സ്കൂൾ ഒളിമ്പിക്സിൽ മികച്ച പ്രകടനം കാഴ്ചവച്ച കുട്ടികൾക്ക് പാരിതോഷികം കൊടുക്കുന്നതിനുള്ള വിശദാംശങ്ങൾ തയ്യാറാക്കാൻ വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് തീരുമാനം പ്രഖ്യാപിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2568 മുതൽ 2754 വരെയുള്ള ചോദ്യങ്ങളിൽ 115 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)